തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

## പിഎച്ച്.ഡി പ്രവേശനപരീക്ഷ

## ഫെബ്രുവരി – 2024

# ഭാഷാശാസ്ത്രം

3 മണിക്കൂർ 100 മാർക്ക്

I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (20x1=20)

1. മുപ്പത്–മുപ്പത് ആയി മാറുന്ന രൂപസ്വനിമികപ്രക്രിയ ഏത്? നിർവചിക്കുക
2. ഉൾപ്രത്യയങ്ങൾ എന്നാലെന്ത് ? ഉദാഹരണസഹിതം വ്യക്തമാക്കുക
3. പദത്തിന്റെ ലംബതല, തിരശ്ചീനതല ബന്ധങ്ങൾ എന്നാൽ എന്ത്?
4. ഓടിയോടി. പാടിപ്പാടി എന്നിങ്ങനെയുള്ള പദനിർമ്മിതി പ്രക്രിയക്കു പറയുന്ന പേര് എന്ത്? നിർവചിക്കുക
5. യൂണീക്കോഡ്എന്നാലെന്ത്?
6. രവി പാട്ട് പാടി – ഈ വാക്യത്തെ ടാഗ് ചെയ്യുക.
7. സമാന്തരകോർപ്പസ് എന്നാലെന്ത്?
8. വിവിധതരം ടാഗ്സെറ്റുകൾ ഏവ?
9. ഭാഷാസമാർജനസൂത്രം എന്നാലെന്ത്?
10. നിർണ്ണായകഘട്ടസമീപനം ആവിഷ്കരിച്ചതാര്?
11. Too many cooks spoil the broth എന്നതിനു സമാനമായ മലയാളം പഴഞ്ചൊല്ല് ഏത്?
12. ആശയരൂപാന്തരണം എന്നാലെന്ത്?
13. ഏകകാലികഭാഷാപഠനം വിശദമാക്കുക.
14. സംഘസാഹിത്യത്തിലെ പ്രധാന കൃതികൾ ഏവ?
15. ഇരട്ടമൊഴിത്തം എന്നാൽ എന്ത്?
16. പദതലത്തിലുള്ള അനുതാനത്തിന് പറയുന്ന പേരെന്ത്?
17. ഓഷ്ഠ്യരഞ്ജനം എന്നാൽ എന്ത്?
18. CCCV എന്ന കാനോനിക രൂപം വരാവുന്ന അക്ഷര ഘടനയ്ക്ക് ഒരുദാഹരണം എഴുതുക.

19. അല്പതമജോഡികൾ എന്നാൽ എന്ത്?

20. സംബന്ധാകരണം എന്നാൽ എന്ത്?

II ഏതെങ്കിലും പത്ത് ചോദ്യങ്ങൾക്ക് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക (10x5=50)

21. മലയാളത്തിന്റെ രൂപഘടനാസവിശേഷതകൾ വിശദമാക്കുക

22. യന്ത്രവിവർത്തനരംഗത്തുണ്ടായ ഇന്ത്യൻ ശ്രമങ്ങൾ ചർച്ച ചെയ്യുക

23. ഭാഷാപഗ്രഥനത്തിൽ കോർപ്പസുകളുടെ പങ്കെന്ത്? ചർച്ച ചെയ്യുക

24. പഠനഭിന്നശേഷിയും പഠനത്തിലെ പിന്നോക്കാവസ്ഥയും തമ്മിലുള്ള വ്യത്യാസം നിലവിലെ വിദ്യാഭ്യാസ സാഹചര്യങ്ങളിലൂന്നി വിലയിരുത്തുക

25. പ്രധാനപ്പെട്ട വിവർത്തനോപകരണങ്ങൾ ഏതെല്ലാം

26. മലയാളലിപിയുടെ വികാസപരിണാമങ്ങൾ ചുരുക്കി വിവരിക്കുക.

27. ഭാഷയുടെ കക്ഷ്യാവിഭജനം വിശദീകരിക്കുക.

28. കാർഡ്വലിന്റെ താരതമ്യ വ്യാകരണം ചർച്ച ചെയ്യുക

29. ഭാഷയിലെ സാമൂഹിക അസമത്വം ചർച്ച ചെയ്യുക

30. സ്വനോത്പാദനത്തിൽ വായുപ്രവാഹവ്യവസ്ഥകളുടെ പങ്ക് വിശദമാക്കുക.

31. മലയാളത്തിലെ അക്ഷരങ്ങളുടെ ഘടന വിശദീകരിക്കുക

32. ഭരണസിദ്ധാന്തം വിശദീകരിക്കുക

33. വംശനാശഭീഷണി നേരിടുന്ന ഭാഷകളെ സംരക്ഷിക്കാനുള്ള രീതികൾ ഏവ? ഇതിൽ ഭാഷാ ഡോക്യുമെന്റേഷന്റെ പങ്കെന്ത്?

III ഏതെങ്കിലും ഒരു ചോദ്യത്തിന് ആറുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക (10x1=10)

34. മലയാളം കമ്പ്യൂട്ടിംഗിന്റെ സമകാലികസ്ഥിതി ചർച്ച ചെയ്യുക

35. രചനാന്തരണ പ്രജനക വ്യാകരണം മലയാളത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യുക

36. ഭാഷാശാസ്ത്രഗവേഷണത്തിന്റെ ഫീൽഡ് വർക്ക് രീതികൾ വിശദീകരിക്കുക

IV (20x1=20)

37. ഗവേഷണം ചെയ്യാൻ ഉദ്ദേശിക്കുന്ന വിഷയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ അടങ്ങുന്ന രൂപരേഖ മൂന്നുപുറത്തിൽ കവിയാതെ എഴുതുക.

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല